പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1012

20.03..2012 -ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ

*ചോദ്യം*
ശ്രീ. മഞ്ഞളാംകുഴി അലി

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസ നിലവാരവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ, ഇപ്പോഴും ഉന്നത വിദ്യാഭ്യാസത്തിനായി ധാരാളം കുട്ടികൾ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തുനിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണവും അയൽ സംസ്ഥാനത്തുനിന്ന് ഇവിടേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണവും താരതമ്യം ചെയ്യുമോ; | (സി) | അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല. |
| (ഡി) | കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലാണ് അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഉന്നത വിദ്യാഭ്യാസത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (ഇ) | ആർട്സ്, സയൻസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ ബിരുദ പഠനത്തിന് എയ്ഡഡ്/ ഗവൺമെന്റ് മേഖലയിൽ 61,421 സീറ്റുകൾ ഉണ്ട്. കൂടാതെ ബി.ടെക്കിന് 45,679 സീറ്റുകളും, എം.ടെക്കിന് 2286 സീറ്റുകളും 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമയ്ക്ക് 11,984 സീറ്റുകളും ഉണ്ട്. |
| (എഫ്) | അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും വിദ്യാഭ്യാസത്തിനായി കേരളത്തിലേക്ക് വിദ്യാർത്ഥികളെ വരുത്തുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണോയെന്ന് വ്യക്തമാക്കുമോ; | (എഫ്) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി വിദേശത്ത് നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനായി കേരളത്തിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്. |
| (ജി) | സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമായ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (ജി) | ഉദ്ദേശിക്കുന്നുണ്ട്. |
| (എച്ച്) | ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് എല്ലാ തലത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (എച്ച്) | അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായി, ഉന്നത വിദ്യാഭ്യാസ രംഗത്ത് സഹകരണം ഉറപ്പാക്കുന്നതിന് ഒരു ആഗോള വിദ്യാഭ്യാസ സംരംഭം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 'എഞ്ചിനീയറിംഗ് കേരള' പദ്ധതിയിൽപ്പെടുത്തി, ദുബായിലെ നോളെഡ്ജ് വില്ലേജ് മാതൃകയിൽ ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |